# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3674** **14/03/2017-ൽ മറുപടിക്ക്**

### മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വിപണനം നടത്തുന്ന കമ്പനികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വിപണനം നടത്തുന്ന കമ്പനികൾ ഏതെല്ലാം എന്നും ഓരോ കമ്പനിയും എത്ര ഉല്പന്നങ്ങൾ വിപണനം നടത്തുന്നു എന്നും വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് ലഭ്യമായ മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും സിംഹഭാഗവും മറ്റ് സംസ്ഥാനങ്ങളിൽ (ഗുജറാത്ത്, മഹാരാഷ്ട്ര, ഹിമാചൽപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽ) നിർമ്മിച്ച് വിപണനം ചെയ്യുന്നവയാണ്. മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ് നടക്കുന്നത്. കമ്പനിയുടെ ഡിപ്പോയിൽ നിന്ന് സംസ്ഥാനത്തെ ജില്ലാതല വിതരണക്കാർ വഴി റീട്ടെയിൽ വ്യാപാരികൾക്കും ആശുപത്രികൾക്കും മരുന്നുകൾ എത്തിക്കുന്നതാണ് നിലവിലെ വിപണന രീതി. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് വാങ്ങി നൽകിയ ഉപകരണങ്ങളുടെ പേര് വിവരങ്ങളും വിതരണക്കാരുടെ പേരുകളും അനുബന്ധം (1) ആയി ചേർക്കുന്നു.<br>2016-17 ൽ കെ.എം.എസ്.സി.എൽ വഴി മരുന്നു വിതരണം നടത്തിയ കമ്പനികളുടെ പേരും ഉല്പന്നങ്ങളുടെ എണ്ണവും, 2017 – 18 ൽ മരുന്നു- |

➡

വിതരണത്തിനായി യോഗ്യത നേടിയ കമ്പനികളുടെ പേരും, ഉല്പന്നങ്ങളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.

**ബി)** പ്രസ്തുത മരുന്ന് കമ്പനികൾക്കും അവരുടെ ഉല്പന്നങ്ങൾക്കും രജിസ്ട്രേഷനും ആയതിനായുള്ള രജിസ്റ്റർ ബുക്കും സംസ്ഥാനത്ത് നിലവിലുണ്ടോ എന്നും മറ്റേതെല്ലാം സംസ്ഥാനങ്ങളിൽ ഇവ നിലവിലുണ്ട് എന്നും വ്യക്തമാക്കാമോ;

**ബി)** മരുന്നു നിർമ്മാണ കമ്പനികളുടെയും അവരുടെ ഉല്പന്നങ്ങളുടെയും രജിസ്ട്രേഷൻ അവ നിർമ്മിക്കപ്പെടുന്ന സംസ്ഥാനത്ത് മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. രാജ്യത്തൊട്ടാകെ ഇത് ക്രോഡീകരിച്ചിട്ടുള്ള വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ല. സംസ്ഥാനത്ത് വിതരണത്തിനായെത്തുന്ന ഓരോ മരുന്നും അവയുടെ ബാച്ചും മറ്റ് വിശദാംശങ്ങളും രജിസ്റ്റർ ചെയ്യുന്നത് കേന്ദ്ര നിയമത്തിനു കീഴിലുള്ള ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിന്റെ ഭേദഗതികൾക്ക് വിധേയമാണ്.

**സി)** സംസ്ഥാനത്ത് വിപണനം നടത്തുന്ന മരുന്നുകൾക്കും അനുബന്ധ മെഡിക്കൽ ഉല്പന്നങ്ങൾക്കും കമ്പനിയുടെ പേര്, ബ്രാന്റ്, ബാച്ച് നമ്പർ, രാസനാമവും സംയുക്തങ്ങളുടെയും വിശദാംശം, നിർമ്മിച്ച തീയതി, കാലാവധി, വില എന്നിവ രേഖപ്പെടുത്തിയാണോ വിപണനം നടത്തുന്നത് എന്ന് പരിശോധിക്കാറുണ്ടോ;

**സി)** ഉണ്ട്

**ഡി)** എങ്കിൽ കഴിഞ്ഞ 2 വർഷങ്ങളിലായി ഏതെല്ലാം കമ്പനിയുടെ ഉല്പന്നങ്ങൾ പരിശോധിച്ചു; ഇത്തരം വിഷയങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ കമ്പനികളും ഉല്പന്നങ്ങളും ഏതെല്ലാം എന്ന് വർഷം തിരിച്ച് വിശദമായി വ്യക്തമാക്കാമോ;

**ഡി)** ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ അവരുടെ അധികാരപരിധിയിൽപ്പെടുന്ന സ്ഥാപനങ്ങൾ നിരന്തരം പരിശോധിക്കുന്ന വേളകളിൽ മരുന്ന് ഉല്പന്നങ്ങളിൽ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് റാൻഡമായി പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ള

ഉല്പന്നങ്ങളുടെ നിർമ്മാണ കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു. കഴിഞ്ഞ 2 വർഷങ്ങളിലായി നടത്തിയ ഇത്തരം പരിശോധനകളിൽ ഗുരുതരമായ വീഴ്ചകളൊന്നും തന്നെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| **ഇ)** | കഴിഞ്ഞ 2 വർഷക്കാലയളവിൽ സംസ്ഥാനത്ത് വിപണനം നടത്തിയ ഓരോ കമ്പനികളുടെയും ഉല്പന്നങ്ങളിൽ എത്ര ശതമാനം ഉല്പന്നങ്ങൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്; വിശദമായി വ്യക്തമാക്കാമോ? | **ഇ)** | പ്രതിവർഷം മരുന്നു നിർമ്മാണ കമ്പനികളുടെ പതിനായിരത്തോളം മരുന്ന് ബാച്ചുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. എന്നാൽ ഓരോ കമ്പനികളുടെയും ഉല്പന്നങ്ങളിൽ എത്ര ശതമാനം ഉല്പന്നങ്ങൾ പരിശോധന നടത്തി-യിട്ടുണ്ടെന്നത് സംബന്ധിച്ച് ക്രോഡീ-കരിച്ച വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭ്യമല്ല. എന്നാൽ കഴിഞ്ഞ 2 വർഷക്കാലയളവിൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മരുന്ന് ഉല്പന്ന-ങ്ങളുടെയും അവയുടെ നിർമ്മാണ കമ്പനികളുടെയും വിശദാംശംങ്ങൾ അനുബന്ധം (4) ആയി ചേർത്തിരിക്കുന്നു. |

4/

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്